# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 191

04.10.2011-ൽ മറുപടിക്ക്.

## 'നിർദ്ദേശ്' പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ബേപ്പൂരിലെ ചാലിയത്ത് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ കേന്ദ്ര പ്രതിരോധ വകുപ്പ് സ്ഥാപിക്കുന്ന 'നിർദ്ദേശ്' എന്ന പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | (എ) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ 'ആധുനിക കപ്പൽ രൂപകൽപ്പന കേന്ദ്രം' ബേപ്പൂരിൽ ചാലിയത്ത് സ്ഥാപിക്കുന്നതി--നായി 40.52 ഏക്കർ ഭൂമി കേരള സർക്കാർ മാസഗോൺ ഡോക്ക് ലിമിറ്റഡിന് പതിച്ചു നൽകുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 'നിർദ്ദേശ്' എന്ന സൊസൈറ്റി ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. നിർദ്ദേശിന്റെ ആസ്ഥാന മന്ദിരത്തിന്റെയും ചുറ്റുമതിലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) കെ.എസ്.ഐ.ഡി.സി മുൻകൈ എടുത്ത് കൊണ്ടു--വന്ന ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 'നിർദ്ദേശ്' എന്ന സൊസൈറ്റി ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |
| (സി) ഈ പദ്ധതി പ്രദേശത്തെ പരിസരവാസികളുടെ ജീവിത സൗകര്യം അഭിവൃദ്ധിപ്പെടു--ത്താൻ കോഴിക്കോട് ജില്ലാ കളക്ടർ തയ്യാറാക്കിയ പുനരധിവാസ പാക്കേജിന്റെ ചെലവിലേക്ക് കെ.എസ്.ഐ.ഡി.സി നൽകാമെന്നേറ്റ ഒരു കോടി രൂപ നൽകിയിട്ടുണ്ടോ ;<br><br>(ഡി) ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ ? | (സി) & (ഡി)<br><br>ഈ പദ്ധതി പ്രദേശത്തെ പരിസരവാസി--കളുടെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലാ കളക്ടർ തയ്യാറാക്കുന്ന പുനരധിവാസ പാക്കേജ് ലഭ്യമാകുന്ന മുറയ്ക്ക് നിർദ്ദേശിന്റെ ഡയറക്ടർ ജനറലുമായി കൂടിയാലോചിച്ച് പുനരധിവാസ പാക്കേജിലേക്ക് പണം നൽകുന്നതിന് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ